മുവേലിക്കര, ഡെപ്യൂട്ടി രജിസ്ട്രാരുടെ ആഫീസ് ഫൻ @ 0 നവമ്പർ ഫ–ാംനു-മുതൽ നിവൃത്തൽ ചെയ്തു.

(സി) അതിനെപ്പറ്റി ഗവമ്മെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണോ?

(ഡി) ഉണ്ട്.

ശ്രീ. സി. സി. പ്രസാദ്: ജോലിയിൽ നിന്നും പിരിച്ചുവിട്ടവരെ വീണ്ടും നിയമിക്കുമോ?

ശ്രീ. സി. കേശവൻ: അവരെ പിരിച്ചുവിട്ടത് ഏതാനും ചില ഉദ്യോഗങ്ങൾ ആവശ്യമില്ലാത്തതുകൊണ്ടാണ്. അതു ഇനിയും ഉണ്ടാകാൻ നിവൃത്തിയില്ലാത്ത ഉദ്യോഗങ്ങളാണ്.

ശ്രീ. സി. സി. പ്രസാദ്: അവരുടെ സർവ്വീസനുസരിച്ചു മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: നിവൃത്തിയുള്ളിടത്തോളം കൊടുക്കുന്നുണ്ട്.

ഇലക്ട്രിസിറ്റി കണക്ഷൻ

*നന്ദ. (ന. ഫ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ചേർത്തല കൺസർവൻസി ടൗൺ വിഭാഗംവിട്ട് ഏതെല്ലാം സ്ഥലങ്ങളിലേക്ക് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുത്തിട്ടുണ്ട്;

(ബി) ചേർത്തലയിലെ പ്രധാന കമ്പോളസ്ഥലങ്ങളായ മുഹമ്മ, പൊന്നാംവെളി, കുത്തിയതോട് ഇവിടങ്ങളിലേക്ക് കണക്ഷൻ കൊടുക്കുന്നതിന് ഗവമ്മെൻറിലേക്ക് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) മായിത്ര എന്ന സ്ഥലത്തേയ്ക്കു കൊടുത്തിട്ടുണ്ട്.

(ബി) അപേക്ഷകൾ കിട്ടിയിട്ടുണ്ട്. മുഹമ്മയിൽ വിദ്യുച്ഛക്തിവിതരണം ചെയ്യുന്നതിനു വേണ്ട എസ്റ്റിമേറ്റ് അനുവദിക്കുകയും ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാംവെളിയിൽ വിതരണം ചെയ്യുന്നതിനെസംബന്ധിച്ചു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. കുത്തിയതോടിനെ സംബന്ധിച്ചുള്ള ജോലികൾ സാമ്പത്തിക കാരണങ്ങളാൽ അടുത്ത വർഷം ഉടങ്ങാനെ സാധിക്കുകയുള്ളൂ.

நவீன முறை மீன் உலர்த்து நிலையம்

*331 (32). ஸ்ரீ. எஸ். அம்புரோஸ்: கீழ் குறிப்பிடும் வினாக்களுக்கு கனம் உணவு மந்திரி அவர்கள் விடை பகர்வார்களாக.—

(எ) கன்னியாகுமரியில் நவீன முறை மீன் உலர்த்து நிலையம் (Model Fish Curing Yard) நிர்மானிப்பதற்காக மத்திய சர்க்காரிடமிருந்து கிடைத்த தொகை எவ்வளவு?

(பி) இப்போது கட்டப்பட்டிருக்கும் நிலையத்திற்காக செலவான தொகை எவ்வளவு?

(சி) பிரஸ்தாப நிலைய நிர்மாண வேலை பூர்த்தியாவதற்கு இன்னும் எவ்வளவு நாட்கள் ஆகும்?

LIBRARY ARCHIVES Kerala Legislative Assembly